6

## വിഭാഗരഹിത ക്രിസ്ത്യാനിത്വം-

# ഐക്യതയുടെ ഏക അടിസ്ഥാനം

പുതിയ നിയമത്തിൽ, പരിശുദ്ധാത്മാവു ദൈവജനത്തോടു ഏകാത്മാവിലും ഏക മനസ്സിലും ഉറ്റിരിപ്പാൻ പഠിപ്പിച്ചിരുന്നു. വിശ്വാസികൾക്കിടയിൽ ഉണ്ടാകുന്ന ഭിന്നത പാപമാണെന്നും അതു വാസ്തവത്തിലുള്ള ക്രിസ്ത്യാനിത്വത്തെ നശിപ്പിക്കുമെന്നും അറിയാത്തവർ "ഇതാ, സഹോദരന്മാർ ഒത്തൊരുമിച്ചു വസിക്കുന്നതു എത്ര ശുഭവും എത്ര മനോഹരവും ആകുന്നു!" (സങ്കീർത്തനങ്ങൾ 133:1) എന്നതു കണ്ടില്ലെന്നു നടിക്കുന്നവരാണ്.

യേശു തന്റെ പിതാവിനോടു പ്രാർത്ഥിച്ചു,

> ഇവർക്കുവേണ്ടി മാത്രമല്ല, ഇവരുടെ വചനത്താൽ എന്നിൽ വിശ്വസിപ്പാനിരിക്കുന്നവർക്കുവേണ്ടിയും ഞാൻ അപേക്ഷിക്കുന്നു; നീ എന്നെ അയച്ചിരിക്കുന്നു എന്നു ലോകം വിശ്വസിപ്പാൻ അവർ എല്ലാവരും ഒന്നാകേണ്ടതിനു; പിതാവേ, നീ എന്നിലും ഞാൻ നിന്നിലും ആകുന്നതുപോലെ അവരും നമ്മിൽ ആകേണ്ടതിന്നുതന്നേ: നീ എനിക്കു തന്നിട്ടുള്ള മഹത്വം ഞാൻ അവർക്കു കൊടുത്തിരിക്കുന്നു; നീ എന്നെ അയച്ചിരിക്കുന്നു എന്നും നീ എന്നെ സ്നേഹിക്കുന്നതു പോലെ അവരേയും സ്നേഹിക്കുന്നു എന്നും ലോകം അറിവാൻ നാം ഒന്നായിരിക്കുന്നതുപോലെ; അവരും ഒന്നാകേണ്ടതിന്നു; ഞാൻ അവരിലും നീ എന്നിലും ആയി അവർ ഐക്യത്തിൽ തികഞ്ഞവരായിരിക്കേണ്ടതിനു തന്നേ (യോഹന്നാൻ 17:20-23).

ലോകത്തിൽ ഒരു വിശ്വാസി മറ്റൊരു വിശ്വാസിയുമായി ഒന്നായി തീരണമെന്ന നമ്മുടെ രക്ഷകന്റെ പ്രാർത്ഥന, പിതാവും പുത്രനും ഒന്നായിരിക്കുന്നതുപോലെ ഒന്നാകുവാനും, ക്രിസ്തുവിന്റെ ആളുകളോടു അവന്റെ ഉപദേശത്തെ സ്നേഹിക്കുന്നവർക്കു പരിവർത്തനം ചെയ്യുവാൻ മതിയാകും. കർത്താവിന്റെ അത്യഗാധമായ ആ സമയത്തെ കരുതലോടുകൂടിയ പ്രാർത്ഥന ഓരോ ശിഷ്യനും പ്രാധാന്യമുള്ളതാണ്; തീർച്ചയായും, ഈ താല്പര്യം എല്ലാ ഹൃദയങ്ങളിലും ഉണ്ടാകണം.

പ്രത്യേകിച്ച്, യജമാനന്റെ ഉദ്ദേശം മനസ്സിലാക്കുന്ന ഒരാളിൽ ഉണ്ടാകും കാരണം കർത്താവു ആഗ്രഹിക്കുന്നതു ഐക്യതയാണ്: ഒരു പക്ഷെ ക്രിസ്തുവിലുള്ള വിശ്വാസത്തിൽനിന്ന് വിശ്വാസികളെ തടസ്സപ്പെടു ത്തുന്ന വേദനാജനകമായ പാപം മറ്റൊന്നില്ലായിരിക്കാം.

പൗലൊസ് എഴുതി, "സഹോദരന്മാരേ, നിങ്ങൾ എല്ലാവരും ഒന്നു തന്നെ സംസാരിക്കുകയും നിങ്ങളുടെ ഇടയിൽ ഭിന്നത ഭവിക്കാതെ ഏക മനസ്സിലും ഏകാഭിപ്രായത്തിലും യോജിച്ചിരിക്കയും വേണം എന്നു ഞാൻ നിങ്ങളെ നമ്മുടെ ... കർത്താവായ യേശുക്രിസ്തുവിന്റെ നാമം ചൊല്ലി പ്രബോധിപ്പിക്കുന്നു" (1 കൊരിന്ത്യർ 1:10). പരിശുദ്ധാ ത്മാവിന്റേതായ അത്തരം മുന്നറിയിപ്പു, ഐക്യതക്കു ആവശ്യപ്പെടു മ്പോൾ, എങ്ങനെ ഒരു യഥാർത്ഥ ആത്മാവിനു, ഒരു അനുസരണമുള്ള ഹൃദയത്തിനു, നമ്മിലുള്ള ഈ പാപത്തെ ലഘുവായി കാണുവാൻ കഴിയും? മറ്റൊരു ശിഷ്യനുമായി ഒന്നാകേണ്ടതിനുള്ള പരിശുദ്ധാത്മാ വിന്റെ ആജ്ഞാരൂപത്തിലുള്ള നിർദ്ദേശത്തെ പ്രത്യേകമായി എങ്ങനെ കണ്ടില്ലെന്നു നടിക്കും? ക്രിസ്ത്യാനികൾക്കിടയിൽ ഭിന്നത ജനിപ്പി ക്കുന്ന മതപരിശീലനങ്ങളെ പിടിച്ചുകൊണ്ടിരിക്കുന്നേടത്തോളം ഒരാ ളിൽ പാപബോധം, തീർച്ചയായും തോന്നണം.

മതപരമായ ലോകത്തിൽ ഭിന്നത ജനിപ്പിക്കുന്നതിന് രണ്ട് യഥാർത്ഥ കാരണങ്ങൾ ഉണ്ട്. അതിലൊന്ന് നിരവധി ആളുകൾ - ചില നല്ല ഭക്തി യുള്ള ആളുകൾ കൂടെ - അതു പാപമായി കാണുന്നില്ല, അതു നിസ്സാ രമായി കാര്യമാക്കാതെ വിട്ടു കളയുന്നു. രണ്ടാമത്തെ കാരണം എന്തെ ന്നാൽ ഭക്തിയുള്ള അല്ലെങ്കിൽ വിശ്വസ്തരായ ആളുകൾ, ഈ ഭയാന കമായ ഭിന്നത ഉള്ളതിൽ ദുഃഖിക്കുന്നവരാണ്, വേരൂന്നി - യിരിക്കുന്ന പ്രശ്നം ഗുരുതരമായതിനാൽ അതിനു പരിഹാരം ഇല്ലെന്നു അവർ കരുതുന്നു. രണ്ടു കൂട്ടരും നമ്മുടെ കർത്താവിന്റെ ഉപദേശമോ കല്പ നകളോ സ്വീകരിക്കുന്നില്ല; മറിച്ച്, ഓരോ കൂട്ടരും ദൈവത്തെ അനു സരിക്കാതെ തുടരുകയാണ്.

എങ്ങനെയായാലും, ചിലർ, "ഏകനായി മുന്തിരി ചക്കു [ചവിട്ടുവാൻ]" (യെശയ്യാവു 63:3) യേശുവിനെ അനുസരിക്കുവാൻ തയ്യാറാകുന്നു. തർസൊസുകാരനായ ശൗലിനെപോലെ, അവരുടെ ഹൃദയങ്ങളിൽ നില വിളിക്കുന്നു, "കർത്താവേ, ഞാൻ എന്തു ചെയ്യേണം?" (പ്രവൃത്തി കൾ 22:10). അവർ തങ്ങളുടെ വ്യാപാരം അല്ലെങ്കിൽ സാമൂഹ്യനില നില്പ് എല്ലാം വിട്ട് ലോകത്തിന്റെ "ചവറു ആയും," "മാലിന്യമായും, സകലത്തിന്റേയും അഴുക്കായും തീരുവാൻ അവർക്ക് മനസ്സായിരുന്നു" (1 കൊരിന്ത്യർ 4:13), അങ്ങനെ അവർ കർത്താവിന്റെ ഇഷ്ടം ചെയ്തു അവനെ പ്രസാദിപ്പിക്കുന്നവരായി. അങ്ങനെയുള്ളവർക്കു, ഞാൻ എഴു തുന്നു.

നാമധേയ വിഭാഗങ്ങൾ വളരുന്നേടത്തോളം കാലം വിശുദ്ധന്മാർക്കി ടയിലെ ഐക്യതയുടെ മനോഹരമായ ഫലം കൈവരിക്കുവാൻ കഴി യുന്നില്ല. അതിനെ പ്രോത്സാഹിപ്പിക്കുന്നവർ യേശുവിന്റെ അവസാന പ്രാർത്ഥനയുടെ നേട്ടത്തിനുള്ള ശ്രമങ്ങൾക്കു തടസ്സം സൃഷ്ടിക്കുക യാണ്. അത്തരം പ്രോത്സാഹനം മതപരമായ ലോകത്തെ ഏറ്റവും

വലിയ ദുഷ്ടതയാണ്. അതിനെക്കുറിച്ചു ചിന്തിക്കുക: ലോകത്തിലെ ചില നല്ല ആളുകൾ (ഹൃദയത്തിൽ) കണ്ടില്ലെന്നു നടിച്ചു, ക്രിസ്തുവിന്റെ നാമത്തിനു വിരുദ്ധമായി അതിനെ പ്രോത്സാഹിപ്പിക്കുവാൻ ആണ് ചില കാര്യങ്ങൾ ചെയ്യുന്നതു എന്നോർക്കുക.

നാമധേയ വിഭാഗങ്ങളുടെ സഭകളുടെ “അതിർവരമ്പുകളെ” പൊളിച്ചു “അവളിൽ നിന്നു പുറത്തുവരുവാൻ” നാം ആഗ്രഹിക്കുന്നു (നോക്കുക വെളിപ്പാട് 18:4), പക്ഷെ നമുക്കു യഥാർത്ഥത്തിൽ അതിനു കഴിയുകയില്ല. വ്യക്തികളുടെ ഹൃദയത്തിൽ അതു പാപമാണെന്ന ബോധ്യം ഉണർത്താതെ നമുക്കു നാമധേയ വിഭാഗത്തെ ഇല്ലാതാക്കുവാൻ സാധ്യമല്ല. അവർ അവയെ ഉപേക്ഷിക്കയും, വിട്ടുകളയുകയും, പുതിയ നിയമത്തിലെ പോലെ ക്രിസ്ത്യാനികൾ മാത്രമായിത്തീരുകയും വേണം. അത്തരം ക്രിസ്ത്യാനികളായിത്തീരുക എന്നാൽ തികച്ചും പരിശുദ്ധാത്മാവിനാൽ നയിക്കപ്പെടുക എന്നതാണ് – ഉപദേശിക്കുവാനും, സേവിക്കുവാനും, അവൻ നയിച്ചതുപോലെ എല്ലാവരും സകല സത്യത്തിലും ജീവിച്ചു ആരാധിക്കയും വേണം. പരിശുദ്ധാത്മാവിന്റെ പ്രവൃത്തിയെ നാം പിൻപറ്റി മനുഷ്യരോടുകൂടെ പ്രവർത്തിച്ചാൽ, നാം പുതിയ നിയമത്തിലെ ക്രിസ്ത്യാനികളെപോലെ, തികച്ചും നാമധേയ വിഭാഗമല്ലാത്ത ക്രിസ്ത്യാനികളാകും തീർച്ച.

പരിശുദ്ധാത്മാവു വന്നു നയിക്കുന്നതുവരെ ആദ്യ ക്രിസ്ത്യാനികളെ വലിയ പ്രവൃത്തിയായ ലോകത്തെ രക്ഷിക്കുന്നതിനു അനുവദിക്കുന്നില്ല. “കാത്തിരിക്കുക,” “വാങ്ങിപ്പോകരുത്” എന്നായിരുന്നു കല്പന. അവർ അതനുസരിച്ചു. അവൻ വരികയും, ആദ്യ ക്രിസ്ത്യാനികളിൽ അവൻ പ്രവർത്തിച്ചതും നാം പരിശോധിക്കയുണ്ടായി. ആദ്യ ശിഷ്യന്മാരെ പരിശുദ്ധാത്മാവു നയിച്ചതിനേക്കാൾ അധികമായി അതേ പരിശുദ്ധാത്മാവിനാൽ നയിക്കുവാൻ ഇന്നു യേശു ആഗ്രഹിക്കുന്നുണ്ടോ? അവൻ അനുവദിക്കുന്നില്ലെങ്കിൽ ആത്മാവിനാൽ നയിക്കപ്പെടാതെ, പ്രവൃത്തികൾ ചെയ്യുന്നതു അവൻ അനുവദിക്കുമോ? ആരെങ്കിലും ഇന്നു തെളിവായി, വിശ്വസ്തമായി ആത്മാവിനാൽ ആദ്യ ക്രിസ്ത്യാനികളെ നയിച്ച പ്രവൃത്തികൾ അങ്ങനെ തന്നെ ചെയ്താൽ, തീർച്ചയായും, ആത്മാവിനാൽ നയിക്കപ്പെടുന്നതിനെ പിൻപറ്റുകയാണ്. നമുക്ക് അറിയാവുന്നേടത്തോളം, ആത്മാവിനാൽ നയിക്കപ്പെടാൻ ആ ഏക വഴിയേയുള്ളൂ.

അവരിൽ അവൻ പ്രവർത്തിച്ചതു നമുക്കു മാതൃകയും വഴികാട്ടിയും ആകുവാൻ, നമ്മുടെ പ്രവർത്തനങ്ങൾ ഈ ദൈവിക മാതൃകയനുസരിച്ച് ആകുവാൻ, നാം ബോധപൂർവ്വം പ്രവർത്തനത്തിന്റെ ഓരോ വശവും പരിശോധിക്കണം. ആ ആദ്യ പ്രവൃത്തിയിൽ ഉൾപ്പെടുന്നത്, യേശുവിനെക്കുറിച്ചുള്ള പ്രസംഗവും, ആളുകൾ കേൾക്കുകയും, നിശ്ചയമായി അറിഞ്ഞു, മാനസാന്തരപ്പെട്ട്, സ്നാനം ഏല്ക്കുകയും ചെയ്യുന്നതാണ്. അപ്പോൾ, ആ മാതൃക പിൻപറ്റുന്ന ആൾ, ഉയിർത്തെഴുന്നേല്പിനുശേഷമുള്ള ആദ്യ പെന്തെക്കൊസ്തു നാളിൽ പത്രൊസും അവന്റെ സദസ്യരും ചെയ്തതു പോലെ പരിശുദ്ധാത്മാവിനെ പിൻപറ്റുകയാണ്. അത്തരം ഉപദേഷ്ടാവു പ്രസംഗിക്കുന്നതു

പുതിയ നിയമത്തിൽ അവൻ വെളിപ്പെടുത്തിയ യേശുവിനെയാണ്, ക്രൂശിക്കപ്പെട്ട യേശുവിനെ ദൈവം കർത്താവും ക്രിസ്തുവുമാക്കി വെച്ചു എന്നും തന്റെ കേൾവിക്കാരെ അറിയിക്കയും, അതറിഞ്ഞവ രോടു മാനസാന്തരപ്പെട്ടു അവരുടെ പാപങ്ങളുടെ മോചനത്തിനായി സ്നാനം ഏല്ക്കുവാൻ കല്പിക്കയും വേണം. അയാൾ നാമധേയ വിഭാ ഗങ്ങളുടെ ഉപദേശമല്ല, ബൈബിൾ ഉപദേശമായിരിക്കും പഠിപ്പിക്കുക. അത്തരം ഉപദേഷ്ടാവിനെ നാമധേയ വിഭാഗങ്ങളുടെ പേരിൽ അറിയ പ്പെട്ടാൽ അയാൾ തന്നെയും ക്രിസ്തുവിന്റെ ഉപദേശത്തെയും തെറ്റായി പ്രതിനിധീകരിക്കയാകും ചെയ്യുക.

പരിശുദ്ധാത്മാവിന്റെ തുറന്ന മാതൃക ലഭിച്ചതിനാൽ, സുവിശേഷം പ്രസംഗിക്കുന്നതിലും, ലോകത്തെ രക്ഷിക്കുന്നതിലും, സത്യസന്ധരായ ഹൃദയങ്ങൾക്കു എങ്ങനെ ഭിന്നിക്കുവാൻ കഴിയും? മാതൃക സ്പഷ്ട മാണോ? നമുക്ക് അതു പിൻപറ്റുവാൻ കഴിയുമോ? തീർച്ചയായും, അതു സഞ്ചാരയോഗ്യമായ റോഡു പോലെ വ്യക്തമാണ്. പഠിപ്പില്ലാ ത്തവർക്കും സ്കൂളിൽ പോകാത്തവർക്കും മനസ്സിലാക്കേണ്ടതിനു ഒരു പ്രവാചകന്റേയോ, പുരോഹിതന്റേയോ, ഉപദേഷ്ടാവിന്റേയോ ആവ ശ്യമില്ല; വായിക്കുന്ന ഒരാൾക്കു മനസ്സിലാകും വിധത്തിൽ വ്യക്തമാണ്. യേശുവിന്റെ രക്തത്തെപ്പോലും, തെറ്റിദ്ധരിക്കുംവിധത്തിൽ, സത്യാന്വേ ഷികളെ പരിശുദ്ധാത്മാവു തെറ്റിദ്ധരിപ്പിക്കുമോ? ഏക മനസ്സിലും ഏകാ ഭിപ്രായത്തിലും യോജിച്ചിരിക്കുവാൻ യേശു അപേക്ഷിക്കുമ്പോൾ, ഓരോ കെട്ടിടത്തിലും ഓരോ പാർട്ടി ഉണ്ടാക്കി നിർത്തുവാൻ, പരിശു ദ്ധാത്മാവിന്റെ ഉപദേശം പൊള്ളയായതാണോ? എവിടെയാണ് കുഴപ്പം സംഭവിച്ചത്? പരിശുദ്ധാത്മാവു പഠിപ്പിക്കുന്നതു ആളുകൾക്കു മനസ്സി ലാകുന്നില്ലെങ്കിൽ, പിന്നെ പരിശുദ്ധാത്മാവിന്റെ ആഹ്വാനം തീർച്ച യായും വെറുതെയാകും.

പത്രൊസ് പ്രസംഗിച്ചവർ രക്ഷിക്കപ്പെട്ടതു സ്നാനത്തിനു മുൻപോ അതോ പിൻപോ? ഇതാ വഴിയിൽ ഒരു ഫോർക്ക്. ഇവിടെ നല്ലതും സത്യസന്ധരായവരും തമ്മിൽ വേർതിരിക്കപ്പെടുന്നു. അതാവശ്യ മാണോ? ഈ കാര്യത്തിൽ പെന്തെക്കൊസ്തുനാളിൽ സ്നാനമേറ്റവർ തമ്മിൽ വിയോജിച്ചിരുന്നോ, അല്ലെങ്കിൽ അവർ ഒന്നായിരുന്നോ? ആ യോഗം കഴിഞ്ഞപ്പോൾ, സ്നാനപ്പെടുന്നതിനു മുൻപു രക്ഷിക്കപ്പെട്ട വരും, സ്നാനമേറ്റശേഷം രക്ഷിക്കപ്പെട്ടവരും എന്ന ഭിന്നഗ്രൂപ്പുകൾ ഉണ്ടായോ? ഇല്ല, അങ്ങനെ ഒരു ഭിന്നത ഉണ്ടായില്ല എന്നു എല്ലാവർക്കും അറിയാം. എന്തുകൊണ്ട്? അന്നു കൂടിവന്നിരുന്നവർ ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നല്ലേ? അവർ വ്യത്യസ്ത ഭാഷകൾ സംസാരി ക്കുന്നവരും, വ്യത്യസ്ത സ്വാധീനവും, വ്യത്യസ്ത സാഹചര്യങ്ങളിലും ഉള്ളവർ ആയിരുന്നില്ലേ? മറ്റൊരു രീതിയിൽ, അവരുടെ ഗുണവിശേ ഷണങ്ങളും, മനോഭാവങ്ങളും, ഭവന സ്വാധീനങ്ങളും പ്രാരംഭപരിശീ ലനവും ഇന്നത്തെ സദസ്യർക്കു തുല്യമായിരുന്നില്ലേ? എങ്കിലും, പത്രൊസു അവരോടു, “പാപങ്ങളുടെ മോചനത്തിനായി ... സ്നാനം ഏല്പിൻ” എന്നു പറഞ്ഞയുടനെ (പ്രവൃത്തികൾ 2:38), പത്രൊസിന്റെ പ്രസംഗം എല്ലാവർക്കും മനസ്സിലായി. നമുക്കു എന്തുകൊണ്ടു മനസ്സി

ലാകുന്നില്ല? എന്താണ് വ്യത്യാസം? പത്രൊസിന്റെ പ്രസംഗം തർജ്ജിമ ചെയ്യപ്പെട്ടതാണ് എന്നതു വാസ്തവമാണ്, എന്നാൽ നമ്മുടെ തർജ്ജിമ സത്യമാണോ? പത്രൊസിന്റെ ആശയം തർജ്ജിമ ചെയ്തപ്പോൾ മനസ്സി ലാക്കുവാൻ പ്രയാസം നേരിട്ടോ?

വേറൊരുവിധത്തിൽ നോക്കിയാൽ, എന്റെ പ്രിയ സ്നേഹിതരേ, സത്യസന്ധരായ ആളുകൾ "ആയി" എന്ന പദപ്രയോഗമോ അല്ലെ ങ്കിൽ "പാപങ്ങളുടെ മോചനത്തിനായി" എന്നതോ തെറ്റിദ്ധരിക്കപ്പെ ട്ടതുകൊണ്ടു യേശുവിന്റെ പ്രാർത്ഥനയും അപേക്ഷയുമായ ഒന്നായി ത്തീരുവാൻ കഴിയാതെ, ഭിന്നപക്ഷങ്ങൾ ഉണ്ടായി എന്നു നിങ്ങൾ കരു തുന്നുണ്ടോ? തീർച്ചയായും, ആ ചെറിയ വാക്കായ "ആയി" എന്നതു വ്യക്തമല്ലാത്തതല്ല. ആ നിസ്സാരമായ ആംഗ്ളോ - സാക്സൻ വാക്കു കഥ പറയുന്നു. ആ വേദ ഭാഗത്തിന്റെ മുഖ്യമായ അർത്ഥം അതാണ്. "തീർച്ചയായും," "മതപരമായ ലോകത്തിലെ ഏറ്റവും വലിയ ചോദ്യം നാം രക്ഷിക്കപ്പെടുമ്പോൾ - അതു സ്നാനത്തിനു മുൻപോ അതോ ശേഷമോ - എന്നതാണ്, അല്ലാതെ 'ആയി' എന്ന വാക്കിന്റെ അർത്ഥ ത്തിലല്ല." അതാണ് വസ്തുത, എന്നതു ഉറപ്പിക്കാം. സത്യത്തിൽ, ഭിന്ന തക്കു യാതൊരു ഒഴികഴിവില്ല. നമ്മോടു ഒന്നായിരിക്കുവാൻ യേശു അപേക്ഷിക്കുന്നതു അവഗണിച്ചാൽ മാത്രമെ നാമധേയ വിഭാഗത്തിനു തുടരുവാൻ കഴിയൂ.

സ്നാനവും പാപമോചനവും ബന്ധപ്പെടുത്തി പ്രത്യേക പ്രാധാന്യം കൊടുത്തുകൊണ്ടാണ് പത്രൊസ് ആ ആളുകളോടു അവരുടെ പാപ ങ്ങളുടെ മോചനത്തിനായി, സ്നാനപ്പെടുവാൻ പറഞ്ഞത്. അവൻ എന്താണ് അർത്ഥമാക്കിയത്? നമുക്ക് അത് അടുത്ത പാഠത്തിൽ കാണാം.

© 2009 Truth for Today